"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

**പൊതു വിദ്യാഭ്യാസ വകുപ്പ് - എയ്ഡഡ് സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക അധ്യാപക നിയമനം - മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് - ഉത്തരവാകുന്നു**

---

**പൊതു വിദ്യാഭ്യാസ (ജെ) വകുപ്പ്**

**G.O.(Rt)No.2106/2019/GEDN തീയതി,തിരുവനന്തപുരം, 03/06/2019**

---

പരാമർശം:- 1 18.05.2018 ലെ സ.ഉ.(സാധാ)നമ്പർ.1841/2018/പൊ.വി.വ

2 പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 16.04.2019 ലെ എച്ച്2/21500/2018/(I)/ഡി.പി.ഐ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

2018-19 അദ്ധ്യയന വർഷം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ 30 ദിവസത്തിലധികം ദൈർഘ്യമുള്ള ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക അധ്യാപകരെ നിയമിക്കാൻ പരാമർശം (I) പ്രകാരം അനുമതി നൽകിയിരുന്നു. പരാമർശം (2) പ്രകാരം 2019-2020 അദ്ധ്യയന വർഷത്തിലേയ്ക്കും ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക അധ്യാപകരെ നിയമിക്കാനുള്ള മാർഗ്ഗ നിർദേശങ്ങൾ പുറപ്പെടുവിക്കണമെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ചുവടെ പരാമർശിച്ചിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി എയ്ഡഡ് സ്കൂളുകളിൽ 2019-2020 മുതലുള്ള അദ്ധ്യയനവർഷങ്ങളിൽ ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക അധ്യാപകരെ നിയമിക്കാനുള്ള അനുവാദം നൽകി ഉത്തരവാകുന്നു:-

( എ) . സർക്കാരും പൊതുവിദ്യാഭ്യാസ ഡയറക്ടറും പുറപ്പെടുവിച്ചിട്ടുള്ള മുൻകാല ഉത്തരവുകളിലെ വ്യവസ്ഥകൾ നിർബന്ധമായും പാലിച്ചിരിക്കേണ്ടതാണ്.

(ബി). കെ-ടെറ്റ് യോഗ്യത/ഇളവ് നേടിയ അദ്ധ്യാപകരെയാണ് ദിനവേതനാടിസ്ഥാനത്തിലും നിയമിക്കേണ്ടത്.അങ്ങനെയുള്ളവരുടെ അഭാവത്തിൽ മാത്രം കെ-ടെറ്റ് യോഗ്യതയില്ലാത്തവരെ നിയമിക്കാവുന്നതാണ്.

(സി). 180 ദിവസം മുതൽ ഒരു അക്കാദമിക വർഷത്തിൽ താഴെ വരെ ദൈർഘ്യമുള്ള ഒഴിവുകളിലേക്ക് പ്രസ്തുത മാനേജ്മെന്റിൽ താൽക്കാലികമായി പുനർവിന്യസിക്കപ്പെട്ട സംരക്ഷിതാദ്ധ്യാപകരുണ്ടെങ്കിൽ അവരെ തിരികെ വിളിക്കാവുന്നതാണ്.സ്ഥിരമായി പുനർവിന്യസിക്കപ്പെട്ട സംരക്ഷിതാദ്ധ്യാപകരുണ്ടെങ്കിൽ അവരെ തിരികെ

വിളിക്കേണ്ടതില്ല.

(ഡി). 21-7-2018 ലെ ജി.ഒ (പി) നം.112/2018/ധന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിതരാകുന്ന പ്രൈമറി സ്കൂൾ അദ്ധ്യാപകർക്ക് പ്രതിദിനം 915/- രൂപയും (പ്രതിമാസം പരമാവധി തുക 26550/- രൂപ), ഹൈസ്കൂൾ ടീച്ചർക്ക് പ്രതിദിനം 1050/- രൂപയും ( പ്രതിമാസം പരമാവധി തുക 30450/- രൂപ), പാർട്ട് ടൈം ഹൈസ്കൂൾ ഭാഷാദ്ധ്യാപകർക്ക് പ്രതിദിനം 725/- രൂപയും (പ്രതിമാസം പരമാവധി തുക 20300/- രൂപ), പ്രൈമറി സ്കൂൾ പാർട്ട് ടൈം ഭാഷാദ്ധ്യാപകർക്ക് 700/- രൂപയും (പ്രതിമാസം പരമാവധി തുക 18900/- രൂപ),വേതനമായി അനുവദിക്കാവുന്നതാണ്.വേതന നിരക്കിൽ വർദ്ധനവ് വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചാൽ പുതിയ നിരക്കിൽ വേതനം നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**H.NAJEEB**
**JOINT SECRETARY**

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐടി @ സ്കൂൾ , തിരുവനന്തപുരം .
പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ)/പ്രസ്സ് റിലീസ്) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

പൊ.വി. കത്ത് നമ്പർ എച്ച്2/21500/2018/ഡി.ജി.ഇ തീയതി 3-6-2019
ഉത്തരവിന്റെ പകർപ്പ് എല്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെയും മാനേജർമാരുടെയും അറിവിനും തുടർനടപടികൾക്കുമായി അയക്കുന്നു.

പകർപ്പ്
1) എല്ലാ DDE, DEO, AEO മാർക്കും
2) എല്ലാ സ്കൂൾ മാനേജർമാർക്കും (വെബ്സൈറ്റ് മുഖാന്തരം)

ജെസ്സി ജോസഫ്
പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)
പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം-14